**വിജിലൻസ് കേസുകളിൽ സർവ്വീസിൽ പുറത്തു നിർത്തിയിരിക്കുന്ന പട്ടിക വിഭാഗം ഉദ്യോഗസ്ഥർ**

**74 (3028)** ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ പട്ടികവിഭാഗത്തിൽപ്പെടുന്നവർ എത്ര ;

(സി) പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർ എത്ര ;

(ഡി) മറ്റുള്ളവർ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) പട്ടികവിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥരെ പ്രത്യേകം ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞ സർക്കാർ കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ ;

(എഫ്) എങ്കിൽ എത്ര ;

(ജി) ഇത്തരത്തിൽ കഴിഞ്ഞ സർക്കാർ എടുത്തിട്ടുള്ള കേസ്സുകളിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) വിജിലൻസ് കേസിന്റെ പേരിൽ പുറത്തുനിൽക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കാനുള്ള നടപടി കൈക്കൊള്ളുമോ ;

(ഐ) എഫ്.ഐ.ആർ. ഫയൽചെയ്തു കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് അന്വേഷണം കഴിയുകയും ചെയ്ത പട്ടികവർഗ്ഗ ഉദ്യോഗസ്ഥരെ വെളിയിൽ നിർത്തിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) എങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(കെ) മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന വിജിലൻസ് ഡയറക്ടർമാർ ഉദ്യോഗസ്ഥരുടെ പേരിൽ കള്ളക്കേസുകൾ എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 819 ഉദ്യോഗസ്ഥൻമാരുടെ പേരിൽ 374 വിജിലൻസ് കേസുകൾ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് സ്പെഷ്യൽ കോടതികളിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി-ജെ) വിജിലൻസ് കേസ്സിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ ജാതി സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല.

(കെ) കള്ളക്കേസുകൾ എടുക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly